ഇടതുകര സംരക്ഷണം, പന്തളം പഞ്ചായത്തിൽ പുന്നശ്ശേരിക്കാവിൽ അച്ചൻകോവിലാറിന്റെ ഇടതുകര സംരക്ഷണം, പന്തളം പഞ്ചായത്തിൽ ഒന്നാം വാർഡിൽ അച്ചൻകോവിലാറിന്റെ ഇടതുകര സംരക്ഷണം, തുമ്പമൺ അമ്പലക്കാവ് പാലത്തിന് താഴെ അച്ചൻകോവിലാറിന്റെ ഇടതുകര സംരക്ഷണം എന്നീ ആറ് പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

തിരുവനന്തപുരം–കൊല്ലം ജലപാത ഗതാഗതയോഗ്യമാക്കാൻ നടപടി സംബന്ധിച്ച്

64 (3273) ശ്രീ. വർക്കല കഹാർ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. കെ. സുധാകരൻ :
പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-കൊല്ലം ജലപാത ഇപ്പോൾ ഗതാഗത യോഗ്യമാണോ ;

(ബി) അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജലപാത ഗതാഗത യോഗ്യമാക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) അല്ല.

(ബി) കനാലിൽ അടിഞ്ഞുകൂടിയ മണ്ണും മാലിന്യങ്ങളും യഥാസമയം നീക്കം ചെയ്യാൻ സാധിക്കാത്തതുമൂലം സഞ്ചാരയോഗ്യമല്ല.

(സി) ഇപ്പോൾ ഒന്നും നിലവിലില്ല.

വെള്ളായണി കായലിന്റെ വിസ്തൃതി

65 (3274) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളായണി കായലിന്റെ യഥാർത്ഥ വിസ്തൃതി എത്രയായിരുന്നു എന്നും ഇപ്പോഴുള്ള വിസ്തൃതി എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) ഈ കായലിന്റെ വിസ്തൃതി നാൾക്കുനാൾ കുറഞ്ഞുവരുന്നത് നിയന്ത്രിക്കാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കായലിനെ ശുദ്ധജല തടാകമായി സംരക്ഷിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വെള്ളായണിക്കായലിന്റെ ഉടമസ്ഥാവകാശം കാർഷിക കോളേജിനാണ്. ഇതിന്റെ വിസ്തൃതിയെക്കുറിച്ചുള്ള വിവരങ്ങൾ ജലവിഭവ വകുപ്പിൽ ലഭ്യമല്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly